പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 165

04-11-2019 ൽ മറുപടിയ്ക്ക്

# വൻകിടേതര തുറമുഖങ്ങളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് :<br>ശ്രീ. വി.കെ.സി.മമ്മത് കോയ :<br>ശ്രീ.എം. മുകേഷ് :<br>ശ്രീ. റ്റി.വി.രാജേഷ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം, കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കണ്ടെയ്നർ കപ്പലുകളുടെയും ബാർജ്ജുകളുടെയും സർവ്വീസ് ആരംഭിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) കണ്ടെയ്നർ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന്റെ ഭാഗമായി കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ കൊല്ലം, അഴീക്കൽ തുറമുഖങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചു. നിലവിലുള്ള സർവ്വീസുകൾ നിലനിർത്തുന്നതിനും പുതിയ സർവ്വീസുകൾ ആരംഭിക്കാനും കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ശ്രമങ്ങൾ നടത്തി വരികയാണ്. |
| (ബി) സാഗരമാല പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ നോൺ മേജർ തുറമുഖങ്ങളുടെ വികസനത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (ബി) സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം പോർട്ടിന്റെ ആദ്യഘട്ടമായ 101 മീറ്റർ നീളമുള്ള ബർത്തിന്റെ നിർമ്മാണം പൂർത്തിയായി വരികയാണ്. 2-ാം ഘട്ട വികസനത്തിന്റെ ഭാഗമായി ബെർത്തിന്റെ നീളം 175 മീ. ആയി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 18.5 കോടി രൂപയാണ് ആദ്യഘട്ട നിർമ്മാണത്തിന് വേണ്ടി കണക്കാക്കിയിരിക്കുന്ന ചെലവ്. സാഗരമാല പദ്ധതിയിലെ Coastal Berth Scheme - ൽ ഉൾപ്പെടുത്തി പ്രസ്തുത പ്രോജക്ടിന് കേന്ദ്ര സർക്കാർ 7.23 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>അഴീക്കലിൽ തുറമുഖം വികസിപ്പിക്കുന്നതിന് 496 കോടി രൂപയുടെ കരട് റിപ്പോർട്ട് Sagarmala യിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനായി 2016 ൽ കേന്ദ്ര സർക്കാരിനു |

സമർപ്പിക്കുകയും വിശദമായ പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കുകയുമാണ്. അതനുസരിച്ച് 'Azhikkal Port Limited' എന്ന കമ്പനി രൂപീകരിച്ച് TEFR, DPR എന്നിവ തയ്യാറാക്കുന്നതിനും EIA Study നടത്തുന്നതിനുമായി M/s. HOWE Engineering (Projects) Ltd. എന്ന Technical Consultant നെ നിയോഗിച്ചിരിക്കുകയാണ്. ഈ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിലേയ്ക്കുള്ള റോഡ് വികസനത്തിനു വേണ്ടി സമർപ്പിച്ച 3 പ്രൊപ്പോസലുകൾക്ക് സാഗർമാലയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ DPR തയ്യാറാക്കുന്നതിനായി ഇൻഡ്യൻ പോർട്ട് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (IPRCL)നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ക്യാപിറ്റൽ ഡ്രഡ്ജിങ് നടത്തുന്നതിനുള്ള DPR തയ്യാറാക്കാൻ KITCO യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. KITCO യുടെ റിപ്പോർട്ട് പരിശോധിച്ച് സാഗരമാലയിൽ നിന്നുള്ള ധനസഹായത്തിന് സമർപ്പിക്കുന്നതാണ്.

| | |
|---|---|
| (സി) വൻകിടേതര തുറമുഖങ്ങളുടെ വികസനത്തിനായി മാരിടൈം ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ? | (സി) സംസ്ഥാനത്ത് തീരദേശകപ്പൽ ഗതാഗത പദ്ധതി പ്രകാരം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വെയിംഗ് മെഷീൻ, ട്രക്ക് മൗണ്ടഡ് ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 200 മീറ്റർ വാർഫിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**